**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **18-09-2025 - ൽ മറുപടിയ്ക്ക്**

**എസ്. ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വീടില്ലാത്ത എസ്. ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണത്തിന് സംസ്ഥാന വിഹിതമിനത്തിൽ ധനസഹായം അനുവദിക്കുന്നതിന് സംസ്ഥാന ബജറ്റിൽ ലൈഫ് മിഷന്റെ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷന്റെ ശീർഷകത്തിൽ പൊതു വിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നിങ്ങനെ കാറ്റഗറി തിരിച്ചല്ല തുക വകയിരുത്തിയിട്ടുള്ളത്. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും സംസ്ഥാന വിഹിതം അനുവദിക്കുന്നതിന് ആവശ്യമായ വിഹിതമാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ നിന്നുമാണ് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണത്തിനും സംസ്ഥാന വിഹിതം അനുവദിക്കുന്നത്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ലൈഫ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന് പ്രത്യേകമായി ലൈഫ് മിഷൻ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല.<br><br>പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ ഭവനനിർമ്മാണത്തിനായി പട്ടികവർഗ വികസന വകുപ്പിൽ നിന്നും ലൈഫ് മിഷന് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| **വർഷം** | **തുക (കോടിയിൽ)** |
|---|---|
| 2021-22 | 140 |
| 2022-23 | 140 |
| 2023-24 | 25 |
| 2024-25 | 70 |
| 2025-26 | 49 |
| ആകെ | 424 |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള വാൽസല്യനിധി പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | (ബി) | പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഉള്ള ചില ഘടകങ്ങളിൽ നിന്ന് LIC പിന്മാറിയത് കാരണം പദ്ധതി മുൻപോട്ട് പോകാൻ സാധിക്കാത്ത സാഹചര്യമാണ്. ആയതിനാൽ ടി പദ്ധതിയിലേയ്ക്ക് അപേക്ഷകൾ സ്വീകരിയ്ക്കുവാനോ പ്രസ്തുത സാമ്പത്തിക വർഷത്തിനു ശേഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിയ്ക്കുവാനോ കഴിഞ്ഞിട്ടില്ല. 2024-25 സാമ്പത്തിക വർഷം വാത്സല്യ നിധി പദ്ധതിയ്ക്കായി 100,000,000/-രൂപയും, 2025-26 സാമ്പത്തിക വർഷം 1,00,000/- രൂപയുമാണ് വകയിരുത്തിയിരുന്നത്. കഴിഞ്ഞ വർഷവും നടപ്പ് വർഷവും തുക വിനിയോഗിച്ചിട്ടില്ല. നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുട്ടികൾക്ക് ലഭ്യമാകുന്ന രീതിയിൽ പദ്ധതി ധനസഹായം രൂപപ്പെടുത്തുന്നതിന് മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ പരിഗണിക്കുന്ന കാര്യം നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ